I/85151/2023

**<u>ജില്ലാ ടൗൺ പ്ലാനറുടെ നടപടിക്രമം</u>**

വിഷയം: ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിൽ ഇളമ്പള്ളൂർ വില്ലേജിൽ റീ സർവ്വേനമ്പർ 287/2/2 ൽ ഉൾപ്പെട്ട 24 ആർ വിസ്തൃതിയുള്ള പ്ലോട്ടിൽ 4181.17 ച മീ വിസ്തൃതിയിൽ (ബേസ്മെൻറ് ഫ്ലോർ 956.15 ചാമീ, GF -874.29 ചാമീ FF-931.03 ചാമീ, SF-931.03 TF-404.32, സ്റ്റെയർ റൂം - 84.34 ചാ മീ കൊമ്മേർഷ്യൽ/അസംബ്ലി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: ശ്രീ.ലാലു ലൂക്കോസ്, ശ്രീമതി ജെസ്സി സക്കറിയ, ഞാറക്കളിവിള നോഹിൻ വില്ല, പെരുമ്പുഴ (പി.ഓ.), കൊല്ലം സമർപ്പിച്ച അപേക്ഷ .

-----------------------------------------------------------------------------------

**ഉത്തരവ് നമ്പർ TCPKLM/7/2023/C** **തീയതി 04-02-2023**

-----------------------------------------------------------------------------------

ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിൽ ഇളമ്പള്ളൂർ വില്ലേജിൽ റീ സർവ്വേനമ്പർ 287/2/2 ൽ ഉൾപ്പെട്ട 24 ആർ വിസ്തൃതിയുള്ള പ്ലോട്ടിൽ 4181.17 ച മീ വിസ്തൃതിയിൽ (ബേസ്മെൻറ് ഫ്ലോർ 956.15 ചാമീ, GF -874.29 ചാമീ FF-931.03 ചാമീ, SF-931.03 TF-404.32, സ്റ്റെയർ റൂം - 84.34 ചാ മീ )കൊമ്മേർഷ്യൽ/അസംബ്ലി കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിയ്ക്കായി ശ്രീ.ലാലു ലൂക്കോസ്, ശ്രീമതി ജെസ്സി സക്കറിയ, ഞാറക്കളിവിള നോഹിൻ വില്ല, പെരുമ്പുഴ (പി.ഓ.), കൊല്ലം സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ KPBR-2019-നും താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ:</u>**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നമ്പർ/ ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.

2. KPBR 2019 ലെ ചട്ടം 9(2) പ്രകാരം നിർമ്മാണ സ്ഥലത്തിൻറെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലായെന്ന് സെക്രട്ടറി ഉറപ്പാക്കണം.

3. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ലായെന്നും 2008 ലെ നെൽവയൽ തണ്ണീർത്തടനിയമം / അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പാക്കണം. നിർദ്ദിഷ്ട ലേ-ഔട്ടിൽ, പരിസരവാസികൾക്ക് ദോഷമുണ്ടാകാത്ത വിധത്തിൽ, ഡ്രെയിനേജിനുള്ള (മഴവെള്ളം /മലിനജലം) സൗകര്യം നല്കിയിരിയ്ക്കണം.

4. നിർമ്മാണം കെ.പി.ബി.ആർ. 2019 ചട്ടം 79 ന് അനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

5. ചട്ടം അനുസരിച്ച ആവശ്യമായ പാർക്കിങ് (വാഹനങ്ങൾ തിരിക്കാനും മറ്റും ആവശ്യമായ

സ്ഥലം ഉൾപ്പെടെ) പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റിവച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

6. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൻറെ / സമീപപ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിക്കുന്നില്ല എന്നും മണ്ണ് കുഴിച്ച് മാറ്റുന്നത് 1.5 മീറ്ററിലധികം ആഴത്തിലാകുന്ന പക്ഷം ചട്ടം 10 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.
7. KPBR 2019 ചട്ടം 42 പ്രകാരം വിഭിന്ന ശേഷിക്കാർ, മുതിർന്നവർ, കുട്ടികൾ എന്നിവർക്കായുള്ള സൗകര്യങ്ങൾ കെട്ടിടത്തിൽ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
8. ഫയർ എസ്കേപ്പ് സ്റ്റെയർ KPBR ചട്ടം 35(2) പ്രകാരം നൽകുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.
9. ടി പ്ലോട്ടിനോട് ചേർന്ന് അപേക്ഷകന്റെ ഉടമസ്ഥതയിൽ ഭൂമിയില്ലെന്ന് സെക്രട്ടറി ഉറപ്പ് വരുത്തിയിരിക്കണം.
10. അഗ്നിശമന സേന വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കിയിരിക്കണം.
11. നിർദിഷ്ട നിർമ്മാണം KPBR 2019 - നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം

<u>**3/2023 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു.**</u>

ഉള്ളടക്കം : പ്ലാൻ ഒരു സെറ്റ്

Signed by
Shary M V
TOWN PLANNER
Date: 04-02-2023 12:24:37

ശ്രീ ലാലു ലൂക്കോസ് & ശ്രീമതി ജെസ്സി സക്കറിയ
ഞരിക്കാവിള
നോഹിൻ വില്ല
പെരുമ്പുഴ
കൊല്ലം

പകർപ്പ്:

സെക്രട്ടറി
ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്